# മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

കടന്നുപോകൽ എപ്പോഴും പുതിയ ഒന്നിലേയ്ക്കുള്ള വീഥി യൊരുക്കൽ ആണ്. 2020 യവനികയ്ക്കുള്ളിലേയ്ക്ക് മറയുമ്പോൾ ഈ ഒരുവർഷം ദൈവം നമ്മിലേയ്ക്ക് വർഷിച്ച അവർണ്ണനീയമായ ദാനങ്ങൾക്ക് നന്ദിപറയാം. ഒപ്പം പ്രതീക്ഷയോടെ പുതുവർഷത്തെ വരവേൽക്കാം. സൗരഭ്യം ചൊരിയുന്ന പുഞ്ചിരിയിലൂടെ, നലംതികഞ്ഞ വാക്കുകളിലൂടെ, ഹൃദ്യമായ പൊരുമാറ്റത്തിലൂടെ അനേകരിൽ പ്രതീക്ഷകളുടെയും, നന്മയു ടെയും പുതുനാമ്പുകൾ മുളപ്പിക്കുവാൻ ഈ പുതുവർഷത്തിൽ നമുക്ക് ഉത്സാഹിക്കാം. ഏവർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസ കൾ...

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ദനഹാതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ | : വി. സെബസ്ത്യാനോസ്, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ |
| പ്രാർത്ഥനാനിയോഗം | : ചാന്ദാ, ജഗദൽപൂർ മിഷനുകൾക്കു വേണ്ടി |
| സുകൃതജപം | : ഈശോയെ എന്നെ തിന്മയിൽനിന്നും രക്ഷിക്കണമേ. |
| *ദിയാക്കോണിയ* | : മികച്ച കുട്ടി കർഷകരെ ആദരിക്കൽ |

### 1.ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 വെള്ളി | : | പുതുവർഷാരംഭം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു. |
| 3 ഞായർ | : | വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ |
| 6 ബുധൻ | : | ദനഹാതിരുനാൾ, പ്രേഷിതവാരം ആരംഭിക്കുന്നു. |
| 12 ചൊവ്വ | : | പ്രേഷിതവാരം സമാപനം |
| 24 ഞായർ | : | ജീവന്റെ മൂല്യം പ്രസംഗമത്സരം(ശാഖകളിൽ) |
| 26 ചൊവ്വ | : | വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്, ടീം ക്വിസ് റീജണൽ തലത്തിൽ, കയ്യെഴുത്ത് മാസിക രൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം. |
| 30 ശനി | : | ലോകസമാധാനദിനം |

**2. മേഖലകൾ ശ്രദ്ധിക്കാൻ**: എക്സിക്യൂട്ടീവ്, മാനേജിംഗ് കമ്മിറ്റി,

ഓർഗനൈസിംഗ് ടീം മീറ്റിംഗ്. ടീം ക്വിസ്സ്

## 3. മിഷൻ പച്ചക്കറിത്തോട്ടം

മിഷൻ പച്ചക്കറിത്തോട്ടമത്സരത്തിന് പേര് രജിസ്റ്റർ ചെയ്ത ശാഖകളിൽ ഈ മാസം തന്നെ ഒന്നാംഘട്ട സന്ദർശനം നടത്തുന്നതായി അതിരൂപതാ ഭാരവാഹികൾ വരുന്നതായിരിക്കും.

## 4. ദിയാക്കോണിയ

**ഡിസംബർ - ജനുവരി മാസങ്ങളിൽ ശാഖാതലത്തിൽ ചെയ്യേണ്ടവ :**

**1) ഗ്രീൻ മാസ്റ്റർ** : കുട്ടിക്കർഷകനെ ആദരിക്കുന്നു

**2) ഗ്രീൻ മിസ്ട്രസ് :** കുട്ടിക്കർഷകയെ ആദരിക്കുന്നു.

## 5. കൈയ്യെഴുത്ത് മാസിക

ഈ വർഷത്തെ കൈയെഴുത്ത് മാസികയുടെ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുകയാണല്ലോ. മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയെഴുത്ത് മാസിക അതിരൂപതയിൽ എത്തിക്കേണ്ട അവസാന തിയതി 2021 ജനുവരി 26-ാം തിയതി ആണ്.

## 6. ടീം ക്വിസ്സ്

ഈ വർഷത്തെ ടീം ക്വിസ് 2021 ജനുവരി 26-ാം തിയതി റീജണൽ തലത്തിൽ നടത്തപ്പെടുന്നതാണ്. പഠനഭാഗം - നവംബർമാസത്തെ ഗിരിദീപം പേജ് 30 കാണുക. നിബന്ധനകൾക്ക് മാർഗ്ഗരേഖ പേജ് 50 കാണുക. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാനങ്ങൾ റീജിയണൽ തലത്തിൽ നൽകുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതായിരിക്കും.

## 7. മിഷൻ കലണ്ടർ

2021 - 2022 വർഷത്തിലെ മിഷൻ കലണ്ടർ മേഖലകളിൽ എത്തിച്ചിട്ടുണ്ട്. ശാഖാ എക്സിക്യൂട്ടീവ് അംഗങ്ങളുടെ നേതൃത്വത്തിൽ മേഖലകളിൽ നിന്ന് കലണ്ടർ എടുക്കുവാനും മേഖലാ -ശാഖാ ഡയറക്ടർമാരുടെ നിർദ്ദേശാനുസരണം വിതരണം ചെയ്യുവാനും ശ്രദ്ധിക്കുമല്ലോ.

## 8. വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 26-ാം തിയതി (സാഹചര്യങ്ങൾ അനുകൂലമാകുന്നതനുസരിച്ച് ) ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തപ്പെടുന്നതാണ്. മീറ്റിംഗിൽ മിഷൻലീഗ് - തിരുബാലസഖ്യ വൈസ്ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മി

പ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതിനോടനുവബന്ധിച്ചുള്ള കാര്യ ങ്ങളും  പിന്നീട് അറിയിക്കുന്നതായിരിക്കും.

### 9. നല്ലിടയൻ പദ്ധതി

നെല്ലിക്കാംപോയിൽ  മേഖലയുടെ നേതൃത്വത്തിൽ പടിയൂർ ശാഖയിലെ ശ്രീജ പുത്തൻവീട്ടിൽ  എന്ന വ്യക്തിക്ക് ആടിനെ നൽകി.

### 10. ഹൃദ്യമായ സ്വാഗതം

തോമാപുരം മേഖലാവൈസ്ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട സി.റ്റീന എസ് ടി യ്ക്ക് അതിരൂപതാ കുടുംബത്തിലേയ്ക്ക് ഹൃദ്യമായ സ്വാഗതം.

### 11. പ്രേഷിതവാരം

2020 ജനുവരി 6 മുതൽ 12 വരെ പ്രേഷിതവാരമായി നാം ആചരിക്കുന്നു. പ്രേഷിത പ്രവർത്തനങ്ങളെ ഓർക്കുകയും എല്ലാ പ്രേഷിതർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. പ്രേഷിതവാരത്തോടനുബന്ധിച്ച് നമുക്ക് ചെയ്യാവുന്നകാര്യങ്ങൾ ഉടൻ നിങ്ങളെ  അറിയിക്കുന്നതായിരിക്കും.

### 12. ഗുരുമൊഴി

13.12. 2020 ഞായറാഴ്ച ഗുരുമൊഴി എന്ന പേരിൽ അഭിവന്ദ്യ പാംപ്ലാനി പിതാവുമായി കുട്ടികളുടെ അഭിമുഖം നടന്നു. അഭിമുഖത്തിൽ പങ്കെടുത്ത എം റ്റി സി കുട്ടികൾക്കും, മേഖലാജൂനിയർ ഭാരവാഹികൾക്കും അഭിനന്ദനങ്ങൾ. അതോടൊപ്പം കുട്ടികളുടെ സംശയങ്ങൾക്ക് വ്യക്തമായി  ഉത്തരം നൽകിയ അഭിവന്ദ്യ മാർ പാംപ്ലാനി പിതാവിന് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

### 13. എയ്ഞ്ചൽ വോയ്സ്

എഫാത്ത റേഡിയോയുമായി സഹകരിച്ച് നടന്നുകൊണ്ടിരിക്കുന്ന ലിറ്റിൽ വോയ്സ് എന്ന പ്രോഗ്രാമിൽ വിവിധ പരിപാടികൾ അവതരിപ്പിച്ച എല്ലാ  എല്ലാ ശാഖകൾക്കും പ്രത്യേകം നന്ദിയും അഭിനന്ദനങ്ങളും. പേര് രജിസ്റ്റർ ചെയ്തിട്ട് ഇനിയും പ്രോഗ്രാം അയയ്ക്കാത്തവർ എത്രയും പെട്ടന്ന് അയയ്ക്കുമല്ലോ.

### 14. നക്ഷത്രദൂത്

ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 1 മുതൽ 25 വരെ മുൻ അതിരൂപതാ ഭാരവാഹികളുടെ ക്രിസ്തുമസ് മെസേജ് ''നക്ഷത്രദൂത് '' എന്ന പേരിൽ വാട്സ് ആപ്പിലൂടെയും യൂ ട്യൂബിലൂടെയും അയച്ചിരുന്നു. ഈ പരിപാടികൾക്ക് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകിയ എല്ലാവർക്കും അതിരൂപതാകുടുംബത്തിന്റെ

നന്ദിയും അഭിനന്ദനങ്ങളും. പ്രസംഗങ്ങൾ ഷൂട്ട് ചെയ്തവർക്കും എഡിറ്റ് ചെയ്തവർക്കും നന്ദിയും അഭിനന്ദനങ്ങളും

## 15. ഹൃദയം നിറഞ്ഞ നന്ദി

സ്തുത്യർഹമായ ശുശ്രൂഷകൾക്ക് ശേഷം സ്ഥലംമാറി പോകുന്ന തോമാപുരം മേഖലാ വൈസ്ഡയറക്ടർ സി ക്ലേറിൻ എസ് എ ബി എസ് ന് അതിരൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാശംസകളും.

## 16. ഗ്ലോറിയ നൈറ്റ് - ശാന്തിഭവൻ

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാതല ക്രിസ്തുമസ് ആഘോഷം ഡിസംബർ 23-ാം തിയതി കരുവഞ്ചാൽ ശാന്തിഭവനിലെ ബഹു. വൈദികർക്കൊപ്പം നടത്തി.

## 17. എമ്മാനുവേൽ - ക്രിസ്റ്റീൻ ധ്യാനം

ക്രിസ്തുമസ്സിനോടനുബന്ധിച്ച് 5-ാം ക്ലാസ്സ് മുതൽ 12 -ാം ക്ലാസ്സ് വരെ പഠിക്കുന്ന കുട്ടികൾക്ക് ക്രിസ്മസ് ഒരുക്ക ക്രിസ്റ്റീൻ ധ്യാനം (എമ്മാനുവേൽ) വിശ്വാസ പരിശീലനകേന്ദ്രത്തിന്റെയും, മലബാർ ക്രിസ്റ്റീൻന്റെയും സഹകരണത്തോടെ പരിയാരം മദർഹോമിൽ വച്ച് നടത്തി. ക്രിസ്റ്റീൻ ധ്യാനത്തിൽ പങ്കെടുത്ത എല്ലാ കൊച്ചുകൂട്ടുകാർക്കും ഇവർക്കുവേണ്ട പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും മതാധ്യാപകർക്കും മാതാപിതാക്കൾക്കും സ്നേഹപൂർവ്വം നന്ദി.

## 18. വൈസ് ഡയറക്ടേഴ്സ് റീജണൽ സംഗമം

ഡിസംബർ 19, 20 തിയതികളിൽ നടത്തിയ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗിൽ പടന്നക്കാട്, ഇരിട്ടി, ചെമ്പേരി, ആലക്കോട് എന്നീ റീജിയണിൽ നിന്നുമായി 110 സിസ്റ്റേഴ്സ് പങ്കെടുത്തു. പങ്കെടുത്ത എല്ലാ സിസ്റ്റേഴ്സിനും അതിരൂപതാ കുടുംബത്തിന്റെ നന്ദി. സിസ്റ്റേഴ്സിന് ക്ലാസ്സ് എടുത്ത മലബാർ റീജണൽ ഓർഗനൈസർ ബഹു. ബേബി സാറിന് ഹൃദയം നിറഞ്ഞനന്ദി.

## 19.യൗസേപ്പിതാവിന്റെ വർഷം

2021 വിശുദ്ധ യൗസേപ്പിതാവിന്റെ വർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ പ്രഖ്യാപിച്ചിരിക്കുകയാണല്ലോ. ഇതിനോടനുവന്ധിച്ചുള്ള പ്രവർത്തനങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 20. മിഷൻജ്യോതി പ്രകാശനം

22.12.2020 ചൊവ്വാഴ്ച കരുവഞ്ചാൽ പ്രീസ്റ്റ്ഹോമിൽ വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് അതിരൂപതാ പ്രസിഡന്റ്

ശ്രീ സുനിൽ കല്ലിടുക്കിലിന് മിഷൻജ്യോതി നൽകി പ്രകാശനം ചെയ്തു.

### 21. വചനമരം

ക്രിസ്തുമസ്സിനോടനുബന്ധിച്ച് കുട്ടികളുടെ നേതൃത്വത്തിൽ ദൈവാലയങ്ങളിലും, ഭവനങ്ങളിലും മനോഹരമായ വചനമരം ഒരുക്കിയ എല്ലാ കൊച്ചുകൂട്ടുകാർക്കും, അവർക്കുവേണ്ട പ്രോത്സാഹനം നൽകിയ ബഹുമാനപ്പെട്ട അച്ചൻമാർക്കും, സിസ്റ്റേഴ്സിനും, മതാധ്യാപകർക്കും, മാതാപിതാക്കൾക്കും നന്ദിയും അഭിനന്ദനങ്ങളും.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ

# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

ഒത്തിരിയേറെ അനുഗ്രഹങ്ങളും ; ഓർമ്മകളും സമ്മാനിച്ച 2020 യവനികയ്ക്കുള്ളിലേയ്ക്ക് പിൻവാങ്ങി. ഉണ്ണീശോയുടെ സുകൃതങ്ങൾ ജീവിതത്തിൽ സ്വന്തമാക്കി ഉണ്ണീശോയുടെ കൂട്ടുകാർ 2021 ലേയ്ക്ക് പ്രവേശിച്ചിരിക്കുമ്പോൾ കൂടുതൽ വിശുദ്ധിയോടെ വളർന്നുവരുവാൻ ഉണ്ണീശോ അനുഗ്രഹിക്കട്ടെ. എല്ലാ കൊച്ചുകൂട്ടുകാർക്കും ദൈവാനുഗ്രഹം നിറഞ്ഞ പുതുവത്സരാശംസകൾ.

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : ദനഹാതിരുന്നാൾ |
| അനുസ്മരിക്കുന്ന വിശുദ്ധൻ | : വി. സെബസ്ത്യാനോസ്, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ |
| പ്രാർത്ഥനാനിയോഗം | : നവവൈദികർക്കുവേണ്ടി |
| സുകൃതംജപം | : ദൈവമേ അങ്ങയുടെ സ്നേഹത്താൽ എന്നെ നിറയ്ക്കണമേ |
| വചനം | : പുതിയ സൃഷ്ടിയാവുകയാണ് പരമപ്രധാനം (ഗലാ 6:16) |
| മത്സരം | : ജീവന്റെ മൂല്യം - പ്രസംഗമത്സരം (ശാഖകളിൽ) |
| *ദിയാക്കോണിയ* | : കുട്ടികർഷകരെ ആദരിക്കുന്നു. |

## 1.ശാഖകൾ ശ്രദ്ധിക്കാൻ

| | | |
|---|---|---|
| 1 വെള്ളി | : | പുതുവർഷാരംഭം - ദിവ്യബലിയിൽ പങ്കെടുത്ത് ദൈവാനുഗ്രഹത്തിനായി പ്രാർത്ഥിക്കുന്നു. |
| 3 ഞായർ | : | വി. ചാവറകുര്യാക്കോസ് ഏലിയാസച്ചന്റെ തിരുനാൾ |
| 6 ബുധൻ | : | ദനഹാതിരുനാൾ |
| 24 ഞായർ | : | ജീവന്റെ മൂല്യം പ്രസംഗമത്സരം(ശാഖകളിൽ) |
| 26 ചൊവ്വ | : | ആനിമേറ്റേഴ്സ് മീറ്റിംഗ്, |
| 30 ശനി | : | ലോകസമാധാനദിനം |

## 2.വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ്

മിഷൻലീഗ് - തിരുബാലസഖ്യ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഈ വർഷത്തെ പ്രധാന കാര്യങ്ങൾ ചർച്ചചെയ്യുന്നതിനുമായി ജനുവരി 26-ാം തിയതി സാഹചര്യങ്ങൾ അനുകൂലമാകുന്ന

തനുസരിച്ച് ശാഖാ വൈസ്ഡയറക്ടേഴ്സ് മീറ്റിംഗ് നടത്തപ്പെടുന്ന താണ്. മീറ്റിംഗിൽ മിഷൻലീഗ് - തിരുബാലസഖ്യ വൈസ്ഡയറക്ടേഴ്സ് എല്ലാവരും പങ്കെടുക്കണമെന്നകാര്യം ഓർമ്മി പ്പിക്കട്ടെ. മീറ്റിംഗിന്റെ സമയവും അതിനോടനുവബന്ധിച്ചുള്ള കാര്യ ങ്ങളും പിന്നീട് അറിയിക്കുന്നതായിരിക്കും.

### 3. ദിയാക്കോണിയ

**ഡിസംബർ - ജനുവരി മാസങ്ങളിൽ ശാഖാതലത്തിൽ ചെയ്യേണ്ടവ :**

**1) ഗ്രീൻ മാസ്റ്റർ** : കുട്ടിക്കർഷകനെ ആദരിക്കുന്നു

**2) ഗ്രീൻ മിസ്ട്രസ്** : കുട്ടിക്കർഷകയെ ആദരിക്കുന്നു.

### 4. വചനാമൃതം

ക്രിസ്തുമസിനോടനുബന്ധിച്ച് ഡിസംബർ 1 മുതൽ 25 വരെ തിരു ബാലസഖ്യം കുട്ടികൾ ബൈബിൾവായിച്ച് പ്രാർത്ഥനനടത്തിയത് "വചനാമൃതം" എന്ന പേരിൽ വാട്സ് ആപ്പിലൂടെയും യൂ ട്യൂബിലൂ ടെയും അയച്ചിരുന്നു. ഈ പരിപാടികൾക്ക് വേണ്ട പ്രോത്സാഹനങ്ങളും നിർദ്ദേശങ്ങളും നൽകിയ എല്ലാവർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

### 5. ക്രിസ്തുരാജൻ ഫാൻസിഡ്രസ്സ് മത്സര വിജയികൾ

| | | |
|---|---|---|
| Ist | - ഓസ്റ്റ്യൻ മാരിയോ കുരിശുംമൂട്ടിൽ | - രത്നഗിരി |
| IInd | - ജോസിയ കണ്ടത്തിനാനി | - ചട്ടമല |
| IIIrd | - ഡിയോൺ പാമ്പയ്ക്കൽ | - ചാവറഗിരി |

**പ്രോത്സാഹസമ്മാനങ്ങൾ:** അൽഫോൻസ് കാര്യാവിൽ (വരക്കാ ട്), ആൻസൽ ലിൻസ് (കൊന്നക്കാട്), ആന്റോജോസ്(അൽഫോൻസാ ഗിരി), ദാവൻ പുളിക്കക്കുന്നേൽ (പനത്തടി)ജുവൽ പൈങ്ങോട്ട്(ചെ മ്പേരി), ലിയോ പന്തലാനിക്കൽ(ചീക്കാട്)

### 6. മുദ്രാവാക്യ മത്സര വിജയികൾ

| | | |
|---|---|---|
| Ist | - ഇവ പ്ലാക്കാട്ട് | - ഭീമനടി |
| IInd | - ആദിൽ വട്ടക്കുന്നേൽ | - പുലിക്കുരുമ്പ |
| IInd | - ആൽബിൻ പുഞ്ചക്കുന്നേൽ | - നിർമ്മലഗിരി |
| IIIrd | - അലെയ്ന ചേലക്കാട്ട് | -തയ്യേനി |
| IIIrd | - ഇമ്മാനുവേൽ വടക്കേമുറി | - വെള്ളരിക്കുണ്ട് |

**പ്രോത്സാഹസമ്മാനങ്ങൾ:** അൽന പനച്ചിക്കൽ(രത്നഗിരി),

ആൻഫിയ പെരുംപുഴക്കടവിൽ(കരുണാപുരം), എൽഗാന വയലാമണ്ണിൽ (ചെമ്പന്തൊട്ടി), ഇവലിൻ ചേലക്കാട്ട്(തയ്യേനി), നിഹമെറിൻ കൊടിമരത്തിൻമൂട്ടിൽ (പാലാവയൽ), നോയൽ തെങ്ങുംപള്ളിൽ(കടുമേനി), എയ്ഞ്ചൽ ഐക്കരക്കാനായിൽ (കാസർഗോഡ്), ബിൽഫിൻ ചിറത്തലയാട്ട്(മുണ്ടാനൂർ), അമീലിയ കടുപ്പിൽ(നടുവിൽ), ജെസ്‌ലിൻ കാപ്പിയിൽ(ചുണ്ടപ്പറമ്പ്)

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ**
അതിരൂപതാ ഡയറക്ടർ